# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടിക്രമം

## (സാന്നിദ്ധ്യം ശ്രീ.ജി.സന്തോഷ്)

### സംഗ്രഹം

ശബരിമല ദേവസ്വം 1190 എം.ഇ മണ്ഡലം- മകര വിളക്ക് അടിയന്തിരം തിരുപുരം കാർത്ത്യായനി ദേവസ്വം കാരാണ്മ കഴകം സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് ഹാജരാകാതിരുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നടപടി ഉത്തരവ് നമ്പർ.2701/15/ Est2/ Mis.3 നന്തൻകോട് , 17/05/2015.

---

പരാമർശം : ദേവസ്വം കമ്മീഷണറുടെ 27.2.15-ലെ R.O.C.93/14/Est/ Mis.C നമ്പർ റിപ്പോർട്ട്.

### ഉത്തരവ്

വൈക്കം ഗ്രൂപ്പിലെ തിരുപുരം കാർത്ത്യായനി ദേവസ്വം കാരാണ്മ കഴകം ശ്രീ.എം.പരമേശ്വരൻ ഉണ്ണിയെ 1190 എം.ഇ ശബരിമല മണ്ഡലം-മകര വിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സ്പെഷ്യൽ ഡ്യൂട്ടിക്കായി ശബരിമല ദേവസ്വത്തിൽ ഹാജരാകുന്നതിന് നിർദ്ദേശം നൽകി അയച്ചു എങ്കിലും ടിയാൻ ഡ്യൂട്ടിക്ക് പോകാതെ ദേവസ്വത്തിൽ പകരക്കാരനെ ഏർപ്പെടുത്താതെ സ്ഥലംവിട്ടു പോയിട്ടുള്ളതായും സ്പെഷ്യൽ ഡ്യൂട്ടികൾക്കും മറ്റും നിയോഗിച്ച് നൽകുന്ന ഉത്തരവുകൾക്ക് കാരാണ്മ ജീവനക്കാർ യാതൊരു വിലയും കൽപ്പിക്കാറില്ലെന്നും ഇത്തരത്തിൽ ധിക്കാരപരമായി പെരുമാറുന്ന കാരാഴ്മ ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ഉത്തരവുണ്ടാകണമെന്നും വൈക്കം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കാരാഴ്മ ജീവനക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം ജീവനക്കാർക്കും ഇപ്പോൾ ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് ശബരിമല വരുമാനമാണ് ഉപയോഗിക്കുന്നത് എന്ന വസ്തുത കണക്കിലെടുത്ത് ശബരിമല ഉത്സവം പോലെ അടിയന്തിര പ്രാധാന്യമുള്ള ഡ്യൂട്ടിക്കായി കാരാഴ്മ ജീവനക്കാരുടെ സേവനം ഉപയോഗിക്കുന്നത് സംബന്ധിച്ച് ഉത്തരവുണ്ടാകുന്നതിനായി ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തു.(പരാമർശം)

ശബരിമല അടക്കമുള്ള ക്ഷേത്രങ്ങളിൽ നിന്നും കാണിയ്ക്കയായും മറ്റും ലഭിക്കുന്ന വരുമാനമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക സ്രോതസ്സ്. ക്ഷേത്രങ്ങളിൽ ലഭിക്കുന്ന കാണിയ്ക്ക പണം എണ്ണി തിട്ടപ്പെടുത്തുക, ഉത്സവങ്ങളുടേയും മറ്റു ചടങ്ങുകളുടേയും നടത്തിപ്പിൽ പങ്കാളിയാവുക തുടങ്ങിയവ ബോർഡിന് കീഴിൽ ജോലി ചെയ്യുന്ന ഓരോ ജീവനക്കാരന്റെയും കർത്തവ്യത്തിന്റെ ഭാഗമാണ്. അതുപോലെതന്നെ ശബരിമല ക്ഷേത്രത്തിലെ വരുമാനത്തെ ആശ്രയിച്ചാണ് ബഹുഭൂരിപക്ഷം ക്ഷേത്രങ്ങളുടേയും നിലനിൽപ്പ്. അത്തരം ഒരു സാഹചര്യത്തിൽ ഏതെങ്കിലും ഒരു വിഭാഗത്തെ ശബരിമല തീർത്ഥാടന കാലയളവിലെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി നിർത്താനാവില്ല.

EDP Section

തീർത്ഥാടനത്തിന്റെ ഭംഗിയായ നടത്തിപ്പിനായി സ്പെഷ്യൽ ഡ്യൂട്ടിക്കായി ശബരിമലയിൽ നിയോഗിക്കുന്നത് ഒരു താൽക്കാലിക സംവിധാനമെന്ന നിലയിലാണ്. അല്ലാതെ ഒരു സ്ഥലംമാറ്റമല്ല. ഇപ്രകാരം സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന കാരാണ്മ ജീവനക്കാർക്കും സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് നൽകുന്നുണ്ട്.

ഈ വിധ സാഹചര്യങ്ങളിൽ, ശബരിമല ഉത്സവം പോലെ അടിയന്തിര പ്രാധാന്യമുള്ള ഡ്യൂട്ടിയ്ക്കായി നിയോഗിക്കുന്നതിൽ നിന്നും കാരാണ്മ ജീവനക്കാരെ ഒഴിവാക്കേണ്ടതില്ലായെന്ന് തീരുമാനിച്ച് ബോർഡ് ഉത്തരവാകുന്നു.

ശബരിമല മണ്ഡലം-മകര വിളക്ക് സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചുവെങ്കിലും ഡ്യൂട്ടിയ്ക്ക് ഹാജരാകാതിരുന്ന വൈക്കം ഗ്രൂപ്പിലെ തിരുപുരം കാർത്ത്യായനി ദേവസ്വം കാരാണ്മ കഴകം ശ്രീ.എം.പരമേശ്വരൻ ഉണ്ണിയുടെ പ്രവൃത്തി അച്ചടക്കരാഹിത്യമായി വീക്ഷിക്കുന്നു. ഇനി മേലിൽ ഇതു പോലുള്ള പ്രവൃത്തി ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായാൽ ടിയാനെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
(ഒപ്പ്)
സെക്രട്ടറി
അസിസ്റ്റന്റ് സെക്രട്ടറി
സി. സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്)

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ
2) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
3) ശ്രീ.എം.പരമേശ്വരൻ ഉണ്ണി,കാരാണ്മ കഴകം, തിരുപുരം ദേവസ്വം, വൈക്കം ഗ്രൂപ്പ് (വൈക്കം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
4) E D P സെക്ഷൻ
5) സെക്ഷൻ ഫയൽ
6) ഫയൽ ബുക്ക്
7) ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി